പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 354 — 31.01.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി വിതരണത്തിന് ഭൂഗർഭ കേബിൾ ശ്യംഖല

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. സി. മമ്മൂട്ടി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | മെട്രോ നഗരങ്ങളിൽ ഓവർ ഹെഡ് വൈദ്യുത വിതരണ ലൈനുകൾ മാറ്റി അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനമാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) | സംസ്ഥാനത്ത് ഒരു നഗരവും ഇതുവരെ മെട്രോയായി പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ പ്രധാന നഗരങ്ങളായ തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ, ആർ. എ. പി. ഡി. ആർ. പി പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള 11 കെ. വി ഓവർഹെഡ് ലൈനുകൾ മാറ്റി 11 കെ. വി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചു കഴിഞ്ഞു. ഇതിൻപ്രകാരം, കൊച്ചി നഗരത്തിലെ പ്രവൃത്തികൾ കരാർ വ്യവസ്ഥയിൽ NCC, Hyderabad എന്ന കമ്പനിയ്ക്ക് നൽകി കഴിഞ്ഞു. തിരുവനന്തപുരത്ത് ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഇല്ലെങ്കിൽ തിരക്കേറിയ നഗരങ്ങളിൽ ഓവർ ഹെഡ് ലൈനുകളും, അവയ്ക്ക് സമാന്തരമായി വൈദ്യുതി പോസ്റ്റുകളിലൂടെയുള്ള നിരവധി കേബിൾ ലൈനുകളുമുണ്ടാക്കാവുന്ന അപകട സാധ്യതകൾ കണക്കിലെടുത്ത് നഗര പ്രദേശങ്ങളിൽ വൈദ്യുതി വിതരണത്തിന് ഭൂഗർഭ കേബിൾ ശ്യംഖല സ്ഥാപിക്കുന്നതിനുള്ള സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ.